# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

**തിരുവള്ളൂർ .പി.ഒ,673541.ഫോൺ-0496.2592027**

**ഇ-മെയിൽ-thiruvallurgp@gmail.com**

നമ്പർ. ബി1-313/22 തിയ്യതി. 01/12/2023

സെക്രട്ടറി
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

ബഹു. അനിൽ കുമാർ നൊച്ചിയിൽ
ഇന്റേണൽവിജിലൻസ് ഓഫീസർ3 & കൺവീനർ
(ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി)

സർ,

വിഷയം- തദ്ദേശ സ്വയംഭരണ വകുപ്പ് – സ്ഥിരം അദാലത്ത് – റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന – അങ്ങയുടെ 24/11/2023ലെ IVO3/05/2023 നമ്പർ കത്ത്.

മേൽ സൂചന പ്രകാരം 22/11/2023 തിയ്യതിയിൽ നടന്ന സ്ഥിരം അദാലത്തിലെ തീരുമാനപ്രകാരം സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തിരുവള്ളൂർ വില്ലേജ് റി.സ. 318/3 ൽപ്പെടുന്ന സ്ഥലത്ത് ജി.1 ഒക്യുപ്പൻസിയിൽപ്പെട്ട കാർവാഷിംഗ് യൂണിറ്റിന്റെ നിർമ്മാണത്തിനായി ബി.1-ബി-എ 64597/2022 തിയ്യതി 12/01/2022 പ്രകാരം ശ്രീ.ഷിബു ശ്രീധർ, ശ്രീ. വിനോദ് പി.ആർ. എന്നിവർക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് എതിരായി ശ്രീ സുരേഷ് മുതൽ പേർ പരാതി സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പണി നിർത്തി വെക്കുന്നതിന് നോട്ടീസ് നല്കിയിരുന്നു. തദ്ദേശ സ്വയംഭരണ ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം 27/11/2023ന് പരാതിക്കാരുടേയും പെർമിറ്റ് ഉടമകളുടേയും യോഗം വിളിച്ചു ചേർത്തു. പ്രസ്തുത യോഗതീരുമാനപ്രകാരം ശ്രീ സാൽവേഷ് , ചെങ്ങോട്ടേരി മീത്തൽ എന്നിവരോട് പെർമിറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾകൂടി ഉൾപ്പടുത്തി റിവൈസ്ഡ് പ്ലാന് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പെർമിഷന് അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപ പത്രവും മറ്റ് ആവശ്യമായ രേഖകളും സമർപ്പിച്ചതിനാൽ പെർമിഷന് റദ്ദ് ചെയ്യാനാവില്ലെന്ന വിവരം പരാതിക്കാരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. 02/12/2023നകം പരിസരവാസികളുടെ യോഗം ചേർന്ന് തീരുമാനം അറിയിക്കാമെന്ന് പരാതിക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 02/12/2023ന് ശേഷം പരാതിക്കാരുടെയും കെട്ടിട ഉടമകളുടേയും യോഗം വീണ്ടും വിളിച്ചു ചേർത്ത് പ്രശ്ന പരിഹാരത്തിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ഇതിനാൽ ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

SECRETARY
THIRUVALLUR GRAMA PANCHAYATH
KOZHIKODE DIST. - 673 541, PH: 0496-2592027

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ
കോഴിക്കോട്.